## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5811** | **08-07-2024 - ൽ മറുപടിയ്ക്ക്**

## റസ്റ്റോറന്റുകൾ വഴിയുള്ള ബിയർ വില്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം സീസണിൽ റസ്റ്റോറന്റുകൾ വഴി ബിയർ വില്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | നിലവിൽ ടൂറിസം കേന്ദ്രങ്ങളിൽ ഒരു വർഷത്തേയ്ക്ക് ബിയർ വൈൻ പാർലർ അനുവദിക്കുന്നതിന് നിയമം ഉണ്ട്. സംസ്ഥാന സർക്കാർ ടൂറിസം മേഖലകളായി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതും സംസ്ഥാന ടൂറിസം വകുപ്പ് നൽകുന്ന ക്ലാസ്സിഫിക്കേഷൻ ലഭിച്ചിട്ടുള്ളതുമായ റസ്റ്റോറന്റുകൾക്കും, കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 1 സ്റ്റാറും അതിന് മുകളിലും ക്ലാസ്സിഫിക്കേഷൻ ലഭിച്ചിട്ടുള്ളതുമായ ഹോട്ടലുകൾക്കും പാദവാർഷിക അടിസ്ഥാനത്തിൽ ഇത്തരം ലൈസൻസ് അനുവദിക്കുന്നതിന് 2023-24 വർഷത്തെ അബ്കാരി നയത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ഇതുവരെ സംസ്ഥാനത്ത് ഇത്തരത്തിലുള്ള ലൈസൻസുകൾക്ക് അപേക്ഷ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തീരുമാനത്തിലൂടെ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുമെന്ന സർക്കാർ നയം നടപ്പിലാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് വിദേശ വിനോദസഞ്ചാരികൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ മദ്യത്തിന്റെ ലഭ്യത ഒഴിച്ചുകൂടാൻ കഴിയാത്തതാണ്. ഇത്തരം കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു വരുന്ന ചെറുതും വലുതുമായ റസ്റ്റോറന്റുകളിൽ വിദേശ വിനോദ സഞ്ചാരികളെ ലക്ഷ്യം വച്ച് അനധികൃത മദ്യ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി നടത്തുന്ന പരിശോധനകളും നിയമപരമായ തുടർനടപടികളും പലപ്പോഴും വിദേശ വിനോദസഞ്ചാരികൾക്ക് അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത്തരം മേഖലകളിൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ മദ്യം വിപണനം ചെയ്യാൻ കഴിയാത്തതാണ് ഇത്തരം നിയമവിരുദ്ധ പ്രവണതകൾക്ക് കാരണമാകുന്നത്. ഇതിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിലാണ് വിദേശ വിനോദസഞ്ചാരികൾ ധാരാളമായി എത്തുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന റസ്റ്റോറന്റുകൾക്ക് വിനോദസഞ്ചാരികൾ എത്തുന്ന |

| | | | |
|---|---|---|---|
| | | | കാലയളവിലേക്ക് ബിയർ & വൈൻ ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | റസ്റ്റോറന്റുകൾ വഴി ബിയർ വില്പന നടത്തുവാനുള്ള തീരുമാനം പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പുനപരിശോധിക്കാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ